ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ 24874 ഭവനരഹിതരെ തെരഞ്ഞെടുത്തിട്ടുണ്ട്. നഗരസഭയെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) മണലൂർ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| പഞ്ചായത്തിന്റെ പേര് | ലക്ഷ്യമിട്ട വീടുകൾ |
|---|---|
| ചൂണ്ടൽ | 273 |
| കണ്ടാണശ്ശേരി | 66 |
| എളവള്ളി | 89 |
| മുല്ലശ്ശേരി | 80 |
| അരിമ്പൂർ | 137 |
| മണലൂർ | 175 |
| വാടാനപ്പള്ളി | 47 |
| വെങ്കിടങ്ങ് | 147 |
| പാവറട്ടി | 115 |
| ആകെ | 1129 |

(സി) തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ആകെ 15166 ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിനായി കരാറിൽ ഏർപ്പെടുകയും ഇതിൽ 5869 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 9297 വീടുകൾക്ക് ഒന്നാം ഗഡു സബ്സിഡി തുക നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 3-1-2011 വരെ 503607813 രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ജനറൽ മാനേജർ തസ്തിക**

**170 (1640)** ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ കഴിഞ്ഞ മൂന്നുവർഷമായി ജനറൽ മാനേജർ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രൊമോഷൻ പോസ്റ്റായിരുന്ന ജനറൽ മാനേജർ തസ്തിക തുടർന്നും ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രൊമോഷനുവേണ്ടി നീക്കിവയ്ക്കുമോ എന്ന് വ്യക്തമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ സൂപ്രണ്ട് തസ്തികയിലേക്ക് പഞ്ചായത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഓഡിറ്റിംഗിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പാലക്കാട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ 21-4-2010 വരെ സ്ഥിരമായി ജനറൽ മാനേജർ ഉണ്ടായിരുന്നു. അതിനുശേഷം പാലക്കാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് ജനറൽ മാനേജരുടെ അധിക ചുമതലനൽകുകയും അദ്ദേഹം ആ ചുമതല നിർവ്വഹിച്ച് വരികയും ചെയ്യുന്നുണ്ട്.

(ബി) ജനറൽ മാനേജരുടെ തസ്തിക ഡെപ്യൂട്ടി ഡയറക്ടറുടെ പ്രൊമോഷൻ തസ്തികയല്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ സർക്കാർ ജനറൽ മാനേജർ തസ്തികയിൽ നിയമിച്ചുവരികയാണ് ചെയ്യുന്നത്.

(സി) നിലവിൽ പഞ്ചായത്ത് വകുപ്പിൽ നിന്നും നിയമിക്കുന്നതിനുള്ള സംവിധാനമില്ല.

(ഡി) ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. സൊസൈറ്റിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ-ആർട്ടിക്കിൾ 32 പ്രകാരം ചാർട്ടേർഡ് അക്കൗണ്ടന്റിനെ ഓഡിറ്റർ ആയി നിയമിച്ച് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനം പന്തളത്തുതന്നെ നിലനിർത്തുവാൻ നടപടി**

**171 (1641)** ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനം പന്തളത്തുനിന്നും മാറ്റുവാനുണ്ടായ സാഹചര്യം എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ ;

(ബി) പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനമാകുന്നത് സംബന്ധിച്ച് പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനം കുളനടയ്ക്ക് മാറ്റിയ സാഹചര്യത്തിൽ പന്തളത്ത് നഗരഹൃദയത്തിലുള്ള വിസ്തൃതമായ വസ്തുവും, കെട്ടിടങ്ങളും എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പന്തളം വികസന ബ്ലോക്കിന്റെ ആസ്ഥാനം പന്തളത്ത് പുനഃസ്ഥാപിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly